പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2083 | 06.02.2019 ൽ മറുപടിക്ക്

## ആരോഗ്യ വകുപ്പിൽ ഇ-ഫയൽ സംവിധാനം

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഫയൽ നീക്കം സുഗമവും വേഗത്തിലും സുതാര്യവുമാക്കുന്നതിന് സെക്രട്ടേറിയറ്റിലേതു പോലെ ഇ- ഫയൽ രീതി ഡി.എച്ച്.എസ്.ൽ നടപ്പിൽ വരുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; | (എ), (ബി) & (സി) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഫയൽ രീതി നടപ്പിലാക്കുന്നതിനു മുന്നോടിയായി ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി ഇതു സംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു.<br><br>ഇ-ഫയലിംഗ് സംബന്ധിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു. കൂടാതെ ഫയൽ പ്രോസസിംഗ് സുഗമമാക്കുന്നതിലേയ്ക്കായി സർക്കാർ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും ഫയൽ അദാലത്ത് നടത്തി വരുന്നു. |
| (ബി) | കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള ഇത്തരം പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ടോ; | | |
| (സി) | ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ ആരംഭിച്ചു തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ